# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5006 04.07.2012 -ൽ മറുപടിയ്ക്ക്**

**<u>കേന്ദ്ര / സംസ്ഥാന രഹസ്യാന്വേഷണ വിഭാഗം ഇന്റലിജൻസ് റിപ്പോർട്ടുകൾ</u>**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ ജെയിംസ് മാത്യു : | ശ്രീ തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ്മന്ത്രി) |
| എ) നിലവിൽ സംസ്ഥാന രഹസ്യാന്വേഷണ വിഭാഗവും കേന്ദ്ര രഹസ്യാന്വേഷണ വിഭാഗവും ഏതെല്ലാം തരത്തിലുള്ള ഇന്റലിജൻസ് റിപ്പോർട്ടുകളാണ് സംസ്ഥാന സർക്കാരിലേക്ക് നൽകുന്നതെന്ന് വെളിപ്പെടുത്താമോ ; | (എ) രഹസ്യമായി ശേഖരിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ സർക്കാരിന്റെ അടിയന്തിര ശ്രദ്ധ പതിയേണ്ട വിഷയങ്ങളിന്മേലാണ് ഇന്റലിജൻസ് റിപ്പോർട്ടുകൾ നൽകാറുള്ളത്. |
| ബി) സംസ്ഥാന പോലീസ് രഹസ്യാന്വേഷണ വിഭാഗത്തിന്റെ ഓഫീസിൽ നിന്ന് ഉത്ഭവിക്കുന്ന ഇന്റലിജൻസ് റിപ്പോർട്ടുകളിന്മേൽ സർക്കാരിന്റെ ഏതൊക്കെ തലങ്ങളിലാണ് നടപടികൾ സ്വീകരിക്കുന്നതെന്ന് വിശദമാക്കാമോ? | (ബി) റിപ്പോർട്ടുകളുടെ പ്രാധാന്യവും അടിയന്തിര സ്വഭാവവും കണക്കിലെടുത്ത് ഉചിതമായ തലങ്ങളിൽ നടപടികൾ സ്വീകരിക്കുകയാണ് ചെയ്യുന്നത്. |

സെക്ഷൻ ഓഫീസർ